**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2325** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഡീ-അഡിക്ഷൻ സെന്റർ വഴി ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. ആന്റണി ജോൺ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലഹരി വർജ്ജനം ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ രൂപം നൽകിയ വിമുക്തി മിഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്; | (എ) | മദ്യവർജ്ജനത്തിന് ഊന്നൽ നൽകി മയക്കുമരുന്നിന്റെയും, പുകയില ഉൽപ്പന്നങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിച്ച് 'ലഹരിമുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി രൂപീകരിച്ച വിമുക്തി മിഷന്റെ കീഴിൽ വിവിധ വകുപ്പുകളെയും സംഘടനകളെയും ഏകോപിപ്പിച്ച് ഫലപ്രദമായ രീതിയിൽ ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡ് തലത്തിൽ വിമുക്തി വാർഡ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.<br><br>സ്കൂൾ/കോളേജ് തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽ നിന്നും പിൻതിരിപ്പിക്കുന്നതിനും സ്കൂളുകളിൽ **'ഉണർവ്'** എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br><br>സംസ്ഥാനത്തെ ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിൽ വരുന്ന ക്യാമ്പസുകളിൽ 'നേർക്കൂട്ടം', എന്ന പേരിലും ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ടെക്നിക്കൽ യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള കോളേജുകളിലും, ആർട്സ് & സയൻസ് കോളേജുകളിലും മേൽ കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ജില്ലകളിൽ ബോധവൽക്കരണ സ്റ്റാളുകൾ സജ്ജീകരിച്ച് ലഹരിക്കെതിരെയുള്ള സന്ദേശം പ്രചരിപ്പിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | സൈക്കോളജി, സോഷ്യോളജി യോഗ്യതയുള്ള എക്സൈസ് ഉദ്യോഗസ്ഥർക്ക് നിംഹാൻസ് മുഖേന പരിശീലനം ലഭ്യമാക്കി സ്കൂളുകൾ കേന്ദ്രീകരിച്ചും അല്ലാതെയും കൗൺസിലിംഗ് നൽകി വരുന്നു. ലഹരിക്കടിമപ്പെട്ടവർക്ക് ചികിത്സ നൽകുന്നതിനായി 14 ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകളും, തിരുവനന്തപുരം ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ഡി-അഡിക്ഷൻ സെന്ററും പ്രവർത്തിക്കുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖല കൗൺസിലിംഗ് സെന്ററുകൾ മുഖേന കൗൺസിലിംഗ് നൽകി വരുന്നു. |
| (ബി) | മയക്കു മരുന്ന് ഉപയോഗത്തിന്റെ പ്രതിരോധ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനം വാർഡ് തലങ്ങളിൽ പ്രത്യേക സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; സമിതികളിലെ അംഗങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ വിശദമാക്കാമോ; | (ബി) | ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ വിമുക്തി വാർഡ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ (ജില്ലാ/ബ്ലോക്ക്/കോർപ്പറേഷൻ/മുൻസിപ്പൽ/ പഞ്ചായത്ത്) തദ്ദേശസ്വയം ഭരണ സ്ഥാപന പ്രസിഡന്റ് ചെയർമാനായും; സെക്രട്ടറി കൺവീനറായും; വാർഡ് മെമ്പർമാർ പഞ്ചായത്ത് തല മിഷൻ കോ- ഓർഡിനേറ്റർമാർ, സ്കൂൾ കോളേജ് തലവൻമാർ, കുടുംബശ്രീ കോ- ഓർഡിനേറ്റർമാർ, ആർട്സ് & സ്പോർട്സ് ക്ലബ്ബുകളുടെ ഭാരവാഹികൾ, വായനശാല ഭാരവാഹികൾ, വോളണ്ടിയർമാർ, എക്സൈസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ മെമ്പർമാരായും വാർഡ് തലത്തിൽ (കോർപ്പറേഷൻ/ മുൻസിപ്പൽ/പഞ്ചായത്ത്) തദ്ദേശത്തെ പൗര മുഖ്യൻ ചെയർമാനായും വാർഡ് മെമ്പർ കൺവീനറായും കുടുംബശ്രീ, അംഗൻവാടി ആശാ പ്രവർത്തകർ, സാമൂഹ്യ-സാംസ്കാരിക പ്രവർത്തകർ, റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ എക്സൈസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ മെമ്പർമാരായും വിമുക്തി വാർഡ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വിമുക്തി വാർഡ്തല കമ്മിറ്റികൾ വഴി ബോധവൽക്കരണ പ്രവർത്തനങ്ങളും, ലഹരിക്കടിമപ്പെട്ടവർക്ക ആവശ്യമായ ചികിത്സ/കൗൺസിലിംഗ് നൽകി വരുന്നു. വിമുക്തി വാർഡ്തല കമ്മിറ്റികളിൽ ലഭിക്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ലഹരിക്കടിമപ്പെട്ട 132 പേർക്ക് ചികിത്സയും, 180 പേർക്ക കൗൺസിലിംഗും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ 941 പഞ്ചായത്തുകളിലും, 76 മുനിസിപ്പാലിറ്റികളിലും, 3 കോർപ്പറേഷനുകളിലും, 11 ജില്ലാ പഞ്ചായത്തുകളിലും വിമുക്തി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ലഹരി വസ്തുക്കൾക്ക് അടിമപ്പെട്ട് ചികിത്സ ആവശ്യമായിട്ടുള്ളവർക്ക് ജില്ലാ ഡീ-അഡിക്ഷൻ സെന്റർ വഴി ചികിത്സ ലഭ്യമാക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | ഉണ്ട്. വിമുക്തി മിഷൻ ആരോഗ്യവകുപ്പുമായി സഹകരിച്ച് 14 ജില്ലകളിലും സ്ഥാപിച്ചിട്ടുള്ള ജില്ലാ ഡി-അഡിക്ഷൻ സെന്ററുകൾ വഴി ഒ.പി/ഐ.പി ചികിത്സ നൽകി വരുന്നു. 2022 ഏപ്രിൽ 30 വരെ 69078 പേർക്ക് ഒ.പി.യിലും, 5872 പേർക്ക് ഐ.പി.യിലും ചികിത്സ നല്കിയിട്ടുണ്ട്.<br><br>വിമുക്തിയുടെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലെ മേഖലാ കൗൺസിലിംഗ് സെന്ററുകളിലൂടെ, 14405 എന്ന ടോൾ ഫ്രീ നമ്പർ മുഖേന, നേരിട്ടും ടെലിഫോണിലൂടെയും സൗജന്യ കൗൺസിലിംഗ് ലഭ്യമാക്കി വരുന്നുണ്ട്. മേഖലാ കൗൺസിലിംഗ് സെന്ററുകൾ മുഖേന 8895 പേർക്ക് കൗൺസിലിംഗ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ